THE TRAVANCORE CRIMINAL PROCEDURE CODE (AMENDMENT) BILL.

HON'BLE MR. A. J. JOHN: Sir, I beg to present the report of the Select Committee on the Travancore Criminal Procedure Code (Amendment) Bill and move that the Bill as revised by the Select Committee be taken up for consideration.

HON'BLE MR. N. KUNJURAMAN: I second the motion.

The motion was put and carried and the Bill was taken up for consideration.

The question whether Clauses 2 to 7 stand part of the Bill was put to vote and carried.

Clauses 2 to 7 formed part of the Bill.

The question whether the preamble stands part of the Bill was put to vote and carried.

The preamble formed part of the Bill.

The question whether the title stands part of the Bill was put to vote and carried.

The title formed part of the Bill.

HON'BLE MR. A. J. JOHM: I move that the Travancore Criminal Procedure Code (Amendment) Bill be now passed.

HON'BLE MR. N. KUNJURAMAN: I second the motion.

The motion was put to vote and carried, and the Bill was passed.

THE TRAVANCORE TAXATION ON INCOME (INVESTIGATION COMMISSION) BILL.

HON'BLE MR. A. J. JOHN: Sir, I beg to present the report of the Select Committee on the Travancore Taxation on Income (Investigation Commission) Bill and move that the Bill as revised by the Select Committee be taken up for consideration.

HON'BLE MR. N KUNJURAMAN: I second the motion.

MR. K. P. NILAKANTA PILLAI: Sir, under Rule 38 sub-section 3 I move that the Travancore Taxation on Income (Investigation Commission) Bill as reported by the Select Committee be recommitted.

സർ, ട്രാവൻകൂർ ടാക്സേഷൻ ഓൺ ഇൻകം (ഇൻവെസ്റ്റിഗേഷൻ കമ്മിഷൻ) ബിൽ ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ ഈ ബിൽ അവതരിപ്പിക്കാതെ തിരിച്ചു സെലക്ട് കമ്മിറ്റിക്കു വീണ്ടും അയയ്ക്കണമെന്നുള്ളതിനെപ്പറ്റി ഒരു പ്രമേയംതന്നെ ഇവിടെ ഹാജരാക്കേണ്ട പല കാരണങ്ങളുമുണ്ട്. ഒന്നാമതായിട്ട് ഈ ബില്ലിന്റെ Objects and Reasons-ൽ പറഞ്ഞിരിക്കുന്നതു ഞാൻ ഒന്നു വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

"The Legislative Assembly has by a resolution passed at the last Session recommended the enactment of a measure similar to the one passed in India appointing a Commission to investigate the extent of tax evasion in reeent years. The bill therefore proposes to appoint and empower a Commissioa to investigate the actual incidence of taxation with particular reference to individual cases and the extent to which the law in force is adequate to prevent evasion. The Bill is drafted on the lines of the Indian Act XXX of 1947 as subsequently amended by Act XXIII of 1948."

ഇതുകൂടാതെ ഇതിന്റെ ഓബ്ജക്റ്റ് ആൻഡ് റീസൺസ് വായിച്ചു നോക്കിയാൽ അതിൽനിന്നും നമുക്കു മനസ്സിലാകുന്നതു്, യുദ്ധകാല പരിതഃസ്ഥിതിയിൽ പല തൊഴിലുകളും ചെയ്തു് പണം അമിതമായി സമ്പാദിച്ചിട്ടുള്ളവരിൽനിന്നും, അതായതു്, കൃഷി, കച്ചവടം, ബ്ളാക്ക് മാർക്കെറ്റിംഗ് മുതലായ ഇനങ്ങളിൽനിന്നും അമിതമായി ആർജ്ജിച്ചിട്ടുള്ള ആളുകളിൽനിന്നും നികുതി ഈടാക്കുന്നതിനുവേണ്ടിയാണെന്നാണു്. ഈ ബില്ലു് ഇവിടെ ആദ്യം അവതരിച്ചപ്പോൾ ഇതിനെപ്പറ്റി പല എതിർവാദങ്ങളും ഈ സഭയിൽ ഉണ്ടായിട്ടുണ്ടു്. അതായതു്, കാർഷികാദായനികുതി ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു പ്രവിശ്യയിലും നടപ്പാക്കിയിട്ടില്ലെന്നും അതുകൊണ്ടു് നമുക്കും അതു നടപ്പാക്കേണ്ട ആവശ്യമില്ലെന്നും മറ്റും തട്ടിവിട്ടിട്ടും ഒടുവിൽ ഭൂരിപക്ഷാഭിപ്രായത്തോടുകൂടി ഇങ്ങനെ ഒരു ബില്ലിന്റെ ആവശ്യമുണ്ടെന്നു തീരുമാനിച്ചതിന്റെ ഫലമായിട്ടാണു് ഈ ബിൽ ഇവിടെ ആവിർഭവിച്ചതു. ഒരു ബിൽ നിയമസഭയിൽ ഒന്നാംവായനയ്ക്കു് അവതരിപ്പിച്ചു പാസ്സാക്കിയെടുക്കുന്നതിനുള്ള ചട്ടങ്ങളെ ആസ്പദമാക്കി നോക്കിയാൽ ആ ബില്ലിന്റെ തത്വങ്ങളെപ്പറ്റി മാത്രമേ വിമർശിക്കാൻ പാടുള്ളുവെന്നൊരു നിയമം ഉണ്ടു. ബില്ലിന്റെ തത്വങ്ങളെ മാത്രമല്ലാതെ മറ്റു സംഗതികളെപ്പറ്റി വിമർശിക്കാനുള്ള യാതൊരു അവകാശവും നിയമസഭയ്ക്കില്ല. തത്വങ്ങളെപ്പറ്റി ചിന്തിക്കുന്നതായാൽ ഈ ബിൽ ഏതു ഉദ്ദേശത്തോടുകൂടിയാണോ നാം ഒരു സിലക്ട് കമ്മിറ്റിക്കു അയച്ചതു, ആ ഉദ്ദേശം സാധിക്കുന്നുണ്ടോ എന്നുള്ളതിനെപ്പറ്റിയാണു് നമുക്കു ചിന്തിക്കുവാനുള്ളതു്.

അതാണു് ആദ്യമായി ആലോചിക്കുവാനുള്ളതു്. എന്റെ അഭിപ്രായത്തിൽ ഈ സഭ ഏതാനും തത്വങ്ങളെ അടിസ്ഥാനമാക്കി ഒരു ബില്ലു ഡ്രാഫ്റ്റുചെയ്യണമെന്ന ഉദ്ദേശത്തിൽ ഒരു കമ്മിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

ഏല്പിച്ചാൽ യാതൊരു കാരണവുംകൂടാതെ ഈ കമ്മിറ്റി വളരെ പ്രാധാന്യമേറിയ ഒരു കാര്യത്തെ അതായത് എന്തുദ്ദേശത്തോടുകൂടിയാണോ ഈ ബിൽ സഭയിൽ അവതരിപ്പിച്ചത് ആ ഉദ്ദേശത്തെതന്നെ പരാജയപ്പെടുത്തത്തക്കവണ്ണം, അതിന്റെ തത്വത്തെതന്നെ തള്ളിക്കളഞ്ഞതിനുശേഷം തോന്നിയപോലെ മാറ്റി ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത് കാണുമ്പോൾ വാസ്തവത്തിൽ വ്യസനിക്കാതെ തരമില്ല. വ്യസനിക്കാതെ തരമില്ല എന്നു പറഞ്ഞതിന്റെ കാരണം നാമെല്ലാം സാധാരണക്കാരെയും സാധുക്കളെയും രക്ഷിക്കുന്നതിനു ബദ്ധകങ്കണന്മാരായി രംഗപ്രവേശം ചെയ്തിരിക്കുന്നു എന്നു പ്രസിദ്ധമാണ്. ഈ സമയത്തിൽ ആദ്യകാലത്തു നടന്നിട്ടുള്ളതായ പ്രസംഗങ്ങൾതന്നെ അതിനു തെളിവായി നിൽക്കുന്നു. അതായത്, ബ്ലാക്ക്മാർക്കറ്റിൽ അമിതമായി പണം ഉണ്ടാക്കിയ ആളുകളെ ഇവിടെനിന്നും വാണത്തിൽകെട്ടി ചന്ദ്രഗോളത്തിലേക്ക് അയക്കുമെന്നും മറ്റുമാണ് അന്നു പ്രസംഗിച്ചിട്ടുള്ളത്. അതിനെല്ലാം വിപരീതമായി സാധുക്കളുടെ കാര്യം കേവലം വിസ്മരിച്ചിട്ട്, ഏതാനും സ്വാധീനശക്തിയുള്ള ആളുകളുടെ കൈയിൽ നിന്ന് ഗവണ്മെന്റിനു ന്യായമായി കിട്ടാനുള്ള തുകകൾപോലും ഇളവാക്കുന്നതിനു അനുകൂലിക്കാത്ത തരത്തിലും, രാജ്യത്തിന്റെ ധനസ്ഥിതിയെ സാരമായി സ്പർശിക്കത്തക്കതരത്തിലും ഈ ബിൽ സെലക്ട് കമ്മിറ്റി ഇവിടെ കൊണ്ടുവന്നിരിക്കുന്നതു വ്യസനിക്കേണ്ട ഒരു സംഗതിയാണെന്നാണ് ഞാൻ പറയുന്നത്. ഇവിടെ ലായും ചട്ടവും ചില്ലറ കഴപ്പുത്തലാണിരിക്കുന്നത്. ബിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ ലായും ചട്ടവുമെല്ലാം വളരെ ഗൗരവമായവിധത്തിൽ പുറംതള്ളപ്പെട്ടിരിക്കുന്നു എന്നും, അബദ്ധം വളരെ വിപുലമായിരിക്കുന്നു എന്നും പറയാതെ നിവൃത്തിയില്ല. ലോകത്തിൽ എങ്ങും ഒരു കമ്മിറ്റി ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല. ഇവിടെയൊരു യുക്തം ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. യുക്തപരിതഃസ്ഥിതികളും ഞാൻ കാണുന്നില്ല. അങ്ങനെയുള്ള പരിതഃസ്ഥിതികളിലാണെങ്കിൽ അതായത് അടിയന്തിരസന്ദർഭങ്ങളിലാണെങ്കിൽ ഒരു ബില്ലിലെ തത്വങ്ങളെ അവഗണിച്ചും നിയമനിർമ്മാണം ചെയ്യുവെന്നുവരാം.

എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ അസംബ്ലി സ്വീകരിച്ചിട്ടുള്ള തത്വങ്ങളെ ഒട്ടുമിക്കാതെ വിദ്വിന്നമായി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ സെലക്ട് കമ്മിറ്റിക്ക് അധികാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P Nilaknta Pillai]

അങ്ങനെ അധികാരമില്ലാത്ത കമ്മിറ്റിയുടെ ഈ പ്രവൃത്തിയെപ്പറ്റി സഭ ഗൗരവമായി പരിശോലോചിക്കേണ്ടതാണ്. ഇങ്ങനെ രാജ്യത്തിന് ആവശ്യമില്ലാത്തതും ജനങ്ങൾക്ക് ദ്രോഹപരമായിട്ടുള്ളതും ഗവണ്മെന്റിന്റെ ഭരണത്തിന വിഘാതമായിട്ടുള്ളതുമായ ബിൽ സ്വീകരിക്കേണ്ടതു് എന്തിനാണെന്നു് എന്റെ ബഹുമാന്യന്മാരായ സാമാജികന്മാർ, മനസ്സിനെ മറ്റു കാര്യങ്ങളിലേക്ക് നയിക്കാതെ, കാര്യമായി ആലോചിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഈ ഗതിയെപ്പറ്റി പരിഗണിക്കുമ്പോൾ വലുതായ ആശങ്കയ്ക്ക് വശംവദനായിത്തീരുന്നു. എന്തെന്നാൽ സ്വല്പം ആലോചിച്ചാൽ അറിയാം ആദായനികുതി എവേഡുചെയ്തിട്ടുള്ളവരായി ധാരാളം ആളുകൾ കാണുകയില്ലെന്ന്. വലിയ കച്ചവടക്കാക്കാണെങ്കിൽ കണക്കുകൾ ഉണ്ട്. ആ കണക്കുകൾ പ്രകാരം ആദായനികുതി ഇടാക്കിവരുന്നുണ്ട്. കച്ചവടക്കാർ എവേഡു ചെയ്തിട്ടുണ്ടെങ്കിൽതന്നെയും ചുരുക്കംപേരായിരിക്കും. എന്നാൽ കാർഷികാദായനികുതി എവേഡുചെയ്തിട്ടുള്ളവർ ധാരാളമാണ്. പിന്നെ ഭയങ്കരന്മാരായ ബ്ളാക്കുമാർക്കറ്റുകാരുണ്ട്. അമിതാദായം ഉണ്ടാക്കിയിട്ടുള്ളവരാണ് ഇക്കൂട്ടർ. അവരെ രണ്ടുപേരേയും വിട്ടിട്ട് ആവശ്യമില്ലാത്ത ഈ ബില്ല് ഇങ്ങനെ ഇവിടെ കൊണ്ടുവന്ന് പാസാക്കണമെന്ന് നിർബന്ധമാണെങ്കിൽ മറ്റു പല ബില്ലുകളും പാസ്സാക്കിയതുപോലെ ഇതുമങ്ങു പാസ്സാക്കാവുന്നതാണ്. എന്നാൽ ഇതു നമ്മുടെ സ്വന്തം ബില്ലാണ്. ജനകീയഗവണ്മെന്റു ഭരണംതുടങ്ങിയതിനുശേഷം കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ് ഇതു്. മറ്റെല്ലാ ബില്ലുകളും എവിടെയോ കിടന്നതു് ഒരു കൂട്ടയിൽ വാരിവച്ച് ഇവിടെ കൊണ്ടുവന്ന് പാസ്സാക്കുകയാണ് ചെയ്തതു്. സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് കുറെ ബില്ലുകൾ കൊണ്ടുവന്നിട്ടുണ്ട്. അന്നത്തെ ലാമെന്വറെ ഇപ്പോഴും പിടിച്ചുവച്ചിട്ടുണ്ട്. അതുകൊണ്ട് ആ ബില്ലുകളെല്ലാം പൊക്കിയെടുത്തു് ഇവിടെ അവതരിപ്പിച്ച് പാസ്സാക്കുകയാണ് ചെയ്തിട്ടുള്ളതു്. അല്ലാതെ അവയൊന്നും ക്ഷുഷ്കമായി പരിശോധിക്കുകയോ യാതൊന്നും ചെയ്തിട്ടില്ല. അദ്ദേഹത്തെയുംകൂടെ നേരത്തെ അങ്ങു് മാറ്റിയിരുന്നെങ്കിൽ ഇതൊന്നും ഇവിടെ വരുകയില്ലായിരുന്നു.

MR. PRESIDENT: Kindly avoid such references.

MR. K. P. NILAKANTA PILLAI ഈ ബില്ലിനെപ്പറ്റി പറയുകയാണെങ്കിൽ ഇതു് നമ്മുടെ ഗാഢമായ ആലോചനകൾശേഷം കള്ളത്തരംകൊണ്ട് അമിതമായി പണം സമ്പാദിച്ചിട്ടുള്ള ആളുകളെ പിടി

LIBRARY ARCHIVES Kerala Legislative Assembly

ക്കുടി മുതൽ വർദ്ധിപ്പിച്ചു സാധുക്കളുടെ സ്ഥിതി നന്നാക്കാൻ ഉപയോഗിക്കണമെന്നുള്ള വൈരാഗ്യബുദ്ധിയോടുകൂടി നാം ആവശ്യപ്പെട്ടതനുസരിച്ച് കൊണ്ടുവന്നിട്ടുള്ളതാണ് ഈ ബില്ല്. ഇതിനെ സംബന്ധിച്ചിടത്തോളം നമുക്കു പൂർണ്ണമായ ഉത്തരവാദിത്വമുണ്ട്. അങ്ങനെയാകണമെങ്കിൽ ഈ അത്യാവശ്യമായ സംഗതികളെ ബില്ലിൽ നിന്നും ഒഴിച്ചിട്ട് ആവശ്യമില്ലാത്ത ചില നടപടികൾ എടുക്കണമെന്നുള്ള പരിമിതമായ ഉദ്ദേശത്തോടുകൂടി ഇങ്ങനെ ഒരു ബിൽ ഇവിടെ കൊണ്ടുവരേണ്ട ആവശ്യമേ ഇല്ല. ആദ്യം ഈ സഭയിൽ അവതരിപ്പിച്ചതുപോലെ, നാം മനസിലാക്കിയതുപോലെ, നാം സ്വീകരിച്ചതുപോലെ, നാം അനുവദിച്ചതുപോലെ, കാർഷികാദായമായാലും ശരി, മറ്റേതു് ആദായമായാലും ശരി എല്ലാത്തിനേയും ഉൾപ്പെട്ടത്തക്കവണ്ണം ഒരു ബില്ല് കൊണ്ടുവന്നെങ്കിലേ ഉപയോഗമുള്ളൂ. എന്നാൽ അതിനു നേരെ വിരുദ്ധമായിട്ടാണ് ഈ ബില്ല് സെലക്ട് കമ്മിറ്റി ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്നു ബഹുമാനപ്പെട്ട ഗവണ്മെന്റും പ്രത്യേകിച്ച് ലാ മെമ്പറും അറിയണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഞാൻ ഇതു പറയുന്നതു്. അങ്ങനെ ഒരു ഉദ്ദേശമില്ലെങ്കിൽ പിന്നെ എന്തിനാണ് ഈ ബില്ലെന്നു ഞാൻ ചോദിക്കുന്നു. വെറും ഒരു കമ്മിഷനെ നിയമിക്കാൻ മാത്രമാണോ ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്? ഇപ്പോഴുതന്നെ കമ്മിറ്റികളുടെ ബാഹുല്യമാണ്. വഴിയെ ഇറങ്ങി നടന്നാൽ കമ്മിറ്റിമെമ്പറന്മാരേ കാണാനുള്ളൂ; ഇങ്ങനെ ഒരു കമ്മിഷനെ നിയമിച്ചിട്ട് ബ്ലാക്കു മാർക്കറ്റുകാരേയും കാർഷികവൃത്തിയിൽ നിന്ന് അമിതമായി ആദായം ഉണ്ടാക്കിയിട്ടുള്ളവരെയും ഈ ബില്ലിൽ നിന്നും ഒഴിവാക്കിയാൽ പിന്നെ വളരെ പരിമിതമായ ഒരു ജോലിയേ കമ്മിഷനു ചെയ്യാനുള്ളൂ. അതിനു വേണ്ടി ഒരു ലക്ഷം ചെലവാക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. നേരെമറിച്ച് നാം ഉദ്ദേശിച്ചതു ബ്ലാക്കുമാർക്കറ്റുകാരേയും മറ്റു വിധത്തിൽ ആദായം ഉണ്ടാക്കിയവരേയും നിർബന്ധമായി പിടിക്കുടണമെന്നായിരുന്നു. കൃഷിയിൽ നിന്നും കണ്ടമാനം ആദായം ഉണ്ടാക്കിയവരുണ്ട്. ബ്ലാക്കുമാർക്കറ്റിൽനിന്നും അതുപോലെതന്നെ ആദായമുണ്ടാക്കിയവരുണ്ട്. അവരെ പിടിക്കുടാനാണ് നാം ആദ്യം തുടങ്ങിയതു്. അതെല്ലാം വിസ്മരിച്ച് ഞാൻ മുൻപേ പറഞ്ഞതുപോലെ എന്തോ കാരണങ്ങളാൽ അതെല്ലാം വിട്ട് ആക്ഷേപമില്ലാത്ത ചില സംഗതികളെ മാത്രം അടിസ്ഥാനമാക്കി സെലക്ട് കമ്മിറ്റി ഈ ബില്ല് ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നതു്. ഇങ്ങനെ ഒരു നടപടി ഒരുതരത്തിലും സ്വീകാര്യമല്ല. യുദ്ധകാലപരിതഃസ്ഥിതികൾ നിലവിലില്ലാത്ത സന്ദർഭങ്ങളിൽ ഇങ്ങനെ ഒരു നടപടി ലോകത്തു് യാതൊരു നിയമനിർമ്മാണസഭയിലും ഉണ്ടായിട്ടുള്ളതായി എന്റെ അല്പമായ അറിവിൽനിന്നും കാണുന്നില്ല. ഈ കാരണങ്ങളെ പരിഗണിച്ച് ഈ ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Neelakanta Pillai.]

ചർച്ച ഇവിടെ തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമില്ലെന്നു പറയുന്നതിനും നാം ഉദ്ദേശിച്ച കാര്യസാദ്ധ്യത്തിനു് ഇതു് ഉതകുമെങ്കിൽ ഈ ബില്ലു് തിരിച്ചു് അയച്ചു് റീ ഡ്രാഫ്റ്റുചെയ്തു് ഇവിടെ കൊണ്ടുവരാൻ സെലക്ട് കമ്മിറ്റിയെ മുമ്പാകെപ്പെടുത്തണമെന്നും ആവശ്യപ്പെടുന്നതിനാണു് ഞാൻ ഈ മോഷൻ മൂവുചെയ്യുന്നതു്. മാത്രവുമല്ല, ഇപ്പോൾ ഇങ്ങനെ ഒരബദ്ധം നമ്മൾ ചെയ്താൽ അതു് ഒരു കീഴ്നടപ്പായിത്തീരും. ചക്കക്കു് ഒരു കമ്മിറ്റിയെ നിയമിക്കുക, മുക്കിനു് ഒരു റിപ്പോർട്ടു വരുക, ഇങ്ങനെ അബദ്ധമായ കീഴ് നടപ്പുകൾ ഉണ്ടാക്കി ആളുകളെ വഞ്ചിക്കരുതു്. തത്വങ്ങളെ വിസ്മരിച്ചു് ബോധിച്ചതുപോലെ മാറ്റി ഒരു ഡ്രാഫ്റ്റു തയാറാക്കിക്കൊണ്ടുവരിക. ഇങ്ങനെ ഒരു നടപ്പു മാറ്റങ്ങളും കാണുകയില്ല. മാറ്റമെന്തെങ്കിലും വേണമെങ്കിൽ തന്നെ അതു് നിയമത്തിനകത്തു നിന്നുകൊണ്ടു് ചെയ്യാമായിരുന്നു. കമ്മറ്റിക്കു വേണമെങ്കിൽ ടൂറുചെയ്തു തർക്കമുള്ളവരുടെ മൊഴികളും മറ്റു തെളിവുകളും ശേഖരിക്കാമായിരുന്നു. അതൊന്നും ചെയ്യാതെ അഞ്ചുപേരുകൂടി എവിടെയെങ്കിലും കുത്തിയിരുന്നു വരച്ചുണ്ടാക്കിക്കൊണ്ടുവരുന്ന ഒരു ഡ്രാഫ്റ്റു സ്വീകാര്യമേ അല്ല. അതുകൊണ്ടു് ഈ ബില്ലു് റീകമ്മിറ്റു ചെയ്യണമെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. D. GNANASIGAMONY: Sir, I second Mr. K. P. Nilakanta Pillai's motion that the bill may be re-committed. I do so not on the grounds mentioned by Mr. K. P. Neelakanta Pillai but on different reasons altogether. In the statement of Object and Reasons of the bill, it was stated that the bill is drafted on thelines of the Government of India Act of 1947; but, as a matter of fact, it is found that by a subsequent amendment, *i. e.*, by Ordinance No. 35 of 1948, the Government of India has made very substantial changes, so that the bill that is now placed before this House is so very different from that of the Government of India. There are very many provisions in this bill that go counter to the provisions of the Government of India Act. For example, there is a clause inserted as 'clause 8' about settlement of case Thus, very many beneficial provisions are later on inserted. It was found, as a matter of fact, that after the cases are referred to the Commissioners, many cases were settled by compromise.

HON'BLE MR. A. J. JOHN: May I inform the Hon'ble member that some amendments have been received and Government may accept them?

MR. D. GNANASIGAMONY: I wish to submit again that in justice it is only fair that the bill may be re-committed and again submitted to this House. No doubt the Hon'ble Minister concerned has pointed out that the amendments relating to the same may be accepted later on, while the bill is being considered. But that will prevent us from a further consideration of the benevolent provisions that have been incorporated in the Government of India bill So I strongly urge that the bill may be re-committed.

MR. K. K. CHELLAPPAN PILLAI: I have identical remarks.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: I disallow your motion as it came very late. You can, all the same, speak on the motion.

MR. K. K. CHELLAPPAN PILLAI: സർ, എന്റെ പ്രമേയവും ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള അവർകളുടെ പ്രമേയവും ഒന്നുതന്നെയാണ്.

MR. PRESIDENT: Your motion was late and thus disallowed. You may speak in support of the motion of Mr K. P. Nilakanta Pillai.

MR. K. K. CHELLAPPAN PILLAI: എന്റെ പ്രമേയം അവതരിപ്പിക്കാൻ അനുവദിച്ചില്ലെങ്കിലും ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ പിൻതാങ്ങാൻ അനുവദിച്ചതുകൊണ്ട് അതിനെ പിന്താങ്ങിക്കൊള്ളുന്നു. ഈ ബില്ല് വീണ്ടും ഒരു പുതിയ സെലക്ററ് കമ്മിറ്റിയിലേക്ക് റീകമ്മിറ്റ് ചെയ്യണമെന്നാണ് എന്റെ പ്രമേയം. ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ഈ കാര്യമൊന്നു വിശദീകരിക്കാമെന്നാണ് ഞാനുദ്ദേശിക്കുന്നത്. ആദ്യം നാം തയ്യാറാക്കിയ ബില്ല് അതിന്റെ ഉദ്ദേശകാര്യവിവരണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കാർഷികാദായനികുതിയെക്കുടി ഉൾപ്പെടുത്തി അന്വേഷണം നടത്തുന്നതിനു് ഉദ്ദേശിച്ചുകൊണ്ടാണ് കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ സെലക്ററ് കമ്മിറ്റി അതിനെ മാറ്റി നിറുത്തിയിട്ടാണ് ഈ ബില്ല് ഇപ്പോളിവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ പ്രധാനമായി രണ്ടുകാര്യങ്ങളാണ് നമുക്ക് പര്യാലോചിക്കാനുള്ളത്. ഇതിനു മുൻപുനടന്ന അസംബ്ളി മീറ്റിംഗിൽ എല്ലാവരും പറഞ്ഞ ഒരു കാര്യം യുദ്ധകാലത്തു് വളരെ ലാഭമുണ്ടാക്കിയ പല സ്വാധീനശക്തിയുള്ളയാളുകളും കൃഷിയിൽ നിന്നായാലും ശരി, കച്ചവടത്തിൽ നിന്നായാലും ശരി, വ്യവസായത്തിൽ നിന്നായാലും ശരി, ഗവണ്മെന്റിലേക്ക് ന്യായമായി കൊടുക്കേണ്ട നികുതി കൊടുക്കാതെ ഒഴിഞ്ഞുമാറിയിട്ടുണ്ടെന്നും പന്ത്രണ്ടോ പതിനഞ്ചോ ലക്ഷം കൊടുക്കേണ്ട പലരും വെറും രണ്ടോ മൂന്നോ ലക്ഷം മാത്രമേ കൊടുത്തിട്ടുള്ളുവെന്നും, നേരെമറിച്ച് സ്വാധീന ശക്തി കുറഞ്ഞയാളുകൾക്ക് അന്യായനികുതി ഉദ്യോഗസ്ഥന്മാരുടെ തിരുമാനങ്ങളിൽ നിന്ന് വളരെ ദോഷം സംഭവിച്ചിട്ടുണ്ടെന്നും അങ്ങനെയുള്ളവരിൽനിന്നും വളരെ അധികം നികുതി അന്യായമായി ഗവണ്മെൻറിലേക്ക് ഈടാക്കിയിട്ടുണ്ടെന്നുമാണ്. ഈ രണ്ടുകാര്യങ്ങളെയുമടിസ്ഥാനപ്പെടുത്തി അതായതു് ന്യായമായി കൊടുക്കാനുള്ളതു് കൊടുക്കാതിരുന്നതിനേയും, അന്യായമായി ഈടാക്കിയിട്ടുള്ളതിനേയും സംബന്ധിച്ച് ഒരു അന്വേഷണ കമ്മീഷനെ നിയമിക്കണമെന്നും അതിനുവേണ്ടി ഒരു ബില്ലുണ്ടാക്കണമെന്നുമാണ് നാം നശ്ചയിച്ചതു്. എന്നാൽ സെലക്ററ് കമ്മിറ്റി ഇപ്പോളിവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിലാകട്ടെ സ്വാധീനശക്തി ചെലുത്താൻ കഴിവില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai.]

ചെറിയ കൃഷിക്കാരിൽനിന്ന് അന്യായമായി ഈടാക്കിയിട്ടുള്ളതിനെപ്പറ്റി അന്വേഷണം നടത്തി അവരുടെ സങ്കടത്തിനൊരു പരിഹാരമുണ്ടാക്കാൻ പര്യാപ്തമായ യാതൊരു വ്യവസ്ഥകളുമില്ല. പല മെമ്പറന്മാരും പറഞ്ഞതുപോലെ ചെറിയ കൃഷിക്കാരെ വിഷമിപ്പിക്കാത്തവണ്ണം ഒരു നടപടി മുൻപിലത്തെ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ വിഷമങ്ങൾ പരിഹരിക്കത്തക്കവണ്ണം വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനു നാം തീരുമാനം ചെയ്തിട്ടുണ്ടോ എന്നൊന്നും ഈ സെലക്ട് റിപ്പോർട്ടിൽ അന്വേഷിച്ചിട്ടില്ല. മാത്രവുമല്ല, ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെ അവർ പുറത്തിറങ്ങി ഈ രാജ്യത്തെ ചെറിയ കൃഷിക്കാർക്ക് ഈ ആദായനികുതി ഈടാക്കിയതിൽ എന്തെങ്കിലും വിഷമമുണ്ടായിട്ടുണ്ടോ എന്നന്വേഷിച്ചിട്ടുള്ളതായി മനസിലാക്കാൻ സാധിക്കുന്നില്ല. ബഹുഭൂരിപക്ഷം വരുന്ന ചെറുകൃഷിക്കാർക്ക്, സ്വാധീനശക്തിയില്ലാത്തവരും പതിതരുമായ ചെറുകൃഷിക്കാർക്ക് അവരുടെ സങ്കടത്തിൽനിന്നും രക്ഷനൽകുവാൻ ഉള്ള ഒരു വ്യവസ്ഥയും സെലക്ട് റിപ്പോർട്ടിൽ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിൽ കാണുന്നില്ലാത്തതുകൊണ്ട് ഈ ബിൽ പുതിയ ഒരു സെലക്ട് കമ്മിറ്റിയിലേക്ക് റീകമ്മിറ്റ് ചെയ്യണമെന്നതന്നെയാണ് എന്റെ ബലമായ അഭിപ്രായം. പുറത്തിറങ്ങി സഞ്ചരിച്ച് തെളിവുകൾ ശേഖരിക്കുകയും അന്വേഷണം നടത്തുകയും ചെയ്യണമെങ്കിൽ അതിന് ഭീമമായ ഒരു തുക വേണ്ടിവരുമെന്നു പറഞ്ഞേക്കാം. യുദ്ധകാലത്തു വാർകാൺ ടാക്സുകളിൽനിന്നും അമിതമായി ആദായമുണ്ടാക്കിയവരായാലും ശരി, നെല്ല്, ചീനി, മുതലായവ ബ്ലാക്കുമാർക്കറ്റിൽ വിറ്റു കൊള്ളലാഭമടിച്ചുവരായാലും ശരി, തേയില, റബ്ബർ മുതലായവയിൽനിന്ന് കണക്കറ്റമാനം ആദായം ഉണ്ടാക്കിയവരായാലും ശരി, പത്തും പതിനഞ്ചും ലക്ഷം ആദായനികുതികൊടുക്കാനുള്ളപ്പോൾ വെറും ഒന്നോ രണ്ടോ ലക്ഷം മാത്രം കൊടുത്തിട്ട് ഒഴിഞ്ഞുമാറി രക്ഷപ്പെട്ട നടക്കുന്നയാളുകളുണ്ട്. അവരെ കണ്ടുപിടിച്ച് അവർ കൊടുക്കാതിരുന്നിട്ടുള്ള തുകകൾ ഈടാക്കിയെടുക്കാമെങ്കിൽ തീർച്ചയായും പാവപ്പെട്ടവരും ആദായനികുതി ഉദ്യോഗസ്ഥന്മാരുടെ നടപടികൊണ്ട് ഉപദ്രവമനുഭവിച്ചവരും പതിതരുമായ ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ കഷ്ടപ്പാടിന് ഒരു പരിഹാരമുണ്ടാക്കാനുള്ള ഈക്കാര്യത്തിനുവേണ്ടി ഒരു തുക ചെലവഴിക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ഗവണ്മെൻറിന് കിട്ടാനിടയുള്ളതും ചെലവാകാനിടയുള്ളതുമായ തുകകളെന്ന താരതമ്യപ്പെടുത്തിനോക്കേണ്ടതാണ്. തീർച്ചയായും ഒരു വലിയ

LIBRARY ARCHIVES Kerala Legislative Assembly

തുകതന്നെ ഗവണ്മെൻറിന് ഈടാകാനുണ്ട്. ഇതൊന്നും നോക്കാതെ പ്രമേയാവതാരകൻ പറഞ്ഞതുപോലെ കാർഷികാദായ നികുതിയെ ഈ ബില്ലിൽനിന്നും ഒഴിവാക്കിയിരിക്കുന്നതു് ഇവിടത്തെ സാമാന്യ ജനങ്ങൾക്കും ഗവണ്മെൻറിനും വേണ്ടിയാണോ അതോ മറ്റുവല്ലവർക്കും വേണ്ടിയാണോ എന്നാണെനിക്കറിയാനുള്ളതു്. സർ, ഈ കാരണങ്ങളാൽ ഈ ബില്ലു് തിരിയെ ഒരു പുതിയ സെലക്ട് കമ്മിറ്റിക്കു് അയച്ചു് ഇതേ സംബന്ധിച്ചു് വേണ്ടപോലെ ഒരു അന്വേഷണം നടത്തുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്തതിനുശേഷം റിപ്പോർട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെടണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു.

MR. P. S. NATARAJA PILLAI: I also rise to support the motion for recommitting the bill to another Select Committee. But I would have restricted it with particular reference to a particular clause. Since the motion is for recommittal in general term, I want to bring to the notice of the House some of facts. I request the serious consideration of the House to this question. This House having accepted the objects of a particular legislation, and if the Select Committee goes counte to it, it is common practice to recommit it to another select committee and get it rectified or have a report on the basis of the new facts or situations that have come up for consideration as the result of their investigation. Here, Sir, I would invite the attention of the House to one particular fact: that is, the statement of objects and reasons says, "and empower a commission to investigate the actual incidence of taxation". Firstly, it is not a commission as my friends here were talking about, which is to go into the question of evasion of tax alone. This commission is intended to go into the incidence of taxation on income. The preamble makes it more clear thus: "the actual incidence of taxation on income." That was the objective and it is clear. The Commission contemplated herein has two functions. One, to go into the question of actual incidence of taxation of income aud two, to go into the question of particular cases of evasion. That is definitely mentioned in the preamble and lateron in clause 2, we find that the commission has (a) to investigate and report to our Government in all matters relating to incidence of taxation on income and (b) to investigate in accordance with the provisions of the Act about the cases of evasion." So fundamentally this Commission is constituted to go into the question of incidence of taxation on income as bill. As it stands today, Sir, the taxation on income is according to three different enactments. Taxation on income on all sources other than agriculture, taxation on income on agriculture and excess profits tax. So taxation on income is based now both from agriculture and from other sources. When you have appointed a committee to go into the incidence of

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai.]

taxation on income, and if you exclude agricultural income, this Committee cannot do it. Sir, the amendment of the Select Committee is not on a qustion of detail but on the vital clause of interpretation. In this interpretation clause, clause 2, defining taxes on income, they exclude income from agriculture. That was an unconstitutional act and beyond the scope of the Select Committee. That the Select Committee had no right to do. It went beyond the terms of reference. It accepted the duty of revising the bill on the basis of the objects and reasons and the principles adopted here by the vote of this House. This House will be stultifying itself if it allows its reference to be so grossly neglected or vetoed by a Select Committee set up this House. The Select Committee went beyond its province in changing the objects and reasons. It altogether forgot clause 3 wherein the Commission is authorised to submit its report on the incidence of taxation on income. They have provided that clause and yet they make a substantial change, rather a radical change or a change quite contrary to the intention of the bill and the objectives accepted by this House by excluding agricultural income. That was unwarranted and according to me the Select Committee has no right to do so Therefore I say that in accordance with the wishes of this House, accepted by a vote of this House, this House has no other alternative but to recommit it to a fresh Select Committee.

With reference to clause 2—because under Rule 38 (b) we can recommit it to the old Committee or to a fresh Committee with particular reference to clause (2), I say that the definition on taxation on income was radically changed without authority by the Select Committee. When taxation on income has been defined as taxation on all kinds of income of the citizens of Travancore either from agriculture or from other sources or from excess profits and when that interpretation and object has been accepted by this House, both in the objects and reasons stated in the original bill and later on in the preamble introduced in the bill and accepted by this House, I think it is only fair and just and in accordance with ordinary practice in Legislatures to recommit it to a fresh Committee. I thought when such a radical change has been made, the Minister in charge of Law would himself have recommended under clause 38 (b) for a recommital to a fresh Select Committee when the original Select Committee had made such a radical change against the vote of this House and its intentions.

HON'BLE MR. A. J. JOHN: May I know whether the honourable member was a member of the Select Committee?

MR. P. S. NATARAJA PILLAI: No I was not.

HON'BLE MR. A. J. JOHN: The honourable member was elected as a member of the Select Committee but he absented himself. Now if he opposes it, it is not quite proper.

MR. P. S. NATARAJA PILLAI: But it is equally well known to my friend on the Treasury Bench that I was deputed away by this House, and the meeting might have been held during my absence.

LIBRARY ARCHIVES Kerala Legislative Assembly

If I had anywhere been in Travancore and if I had got notice and if I am well, I generally attend these meetings. That is the only explanation I can give. I have not so far done a dereliction of duty like that, to the best of my ability I try to avoid it. I thought that the Minister in charge of the Bill would have brought to the notice of the House the radical change made by the Select Committee and asked the House to take note of the fact that here was a radical change which goes against the intention of the original bill as defined in the objects and reasons and as defined in the preamble; and that a vital change has been brought in the definition clause itself. Therefore I strongly urge upon my friends to recommit the bill to a fresh Select Committee for reconsideration.

MR. MANNATHU PADMANABHA PILLAI : സർ, ഈ നിയമം ഏതുദ്ദേശ സാദ്ധ്യത്തിനാണോ കൊണ്ടുവന്നിട്ടുള്ളത് ആ ഉദ്ദേശത്തെ തടസ്സപ്പെടുത്തുന്ന രീതിയിലാണ്, ഇപ്പോഴത്തെ സെലക്ട് കമ്മിറ്റി റിപ്പോർട്ട കൊണ്ട് കാണുന്നത്. ഗവണ്മെന്റിനു പണം ഉണ്ടാക്കണമെങ്കിൽ അത്, രാജ്യത്തിൽ ആദായം ഉണ്ടാക്കുന്ന ജനങ്ങളിൽ നിന്നു നികുതി പിരിച്ചാണ് ഉണ്ടാക്കേണ്ടത്. അങ്ങനെയാണെങ്കിൽ കച്ചവടക്കാരേയും കൃഷിക്കാരെയും മറ്റുതരത്തിൽ ആദായമുണ്ടാക്കുന്ന എല്ലാവരേയും ഇതുബാധിക്കും. രാജ്യത്തു വളരെ ആദായം ഉണ്ടാക്കുന്ന അനേകം കൃഷിക്കാർ ഉണ്ട്. അവരുടെ ആദായത്തിന്റെ തോതനുസരിച്ച് ഒരംശം ഗവണ്മെന്റിനു കൊടുക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആ ആദായനികുതിയിൽ നിന്നും ഇങ്ങനെ അമിതാദായം എടുക്കുന്നവരെ ഒഴിച്ചുവിടുക എന്നുവച്ചാൽ പിന്നെ ഈ ബിൽകൊണ്ടു എന്തു പ്രയോജനമാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ടു പ്രത്യേക താത്പര്യമുള്ള ചില ആളുകളുടെ താൽപര്യങ്ങളെ സാധിതപ്രായമാക്കുന്നതിനുതകുന്ന വിധത്തിൽ തയ്യാറാക്കിയ ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ട് യാതൊരു തരത്തിലും ന്യായീകരിക്കത്തക്കതല്ല.

MR. K. M. CHANDI (*Meenachil i—General*) : പ്രത്യേക താൽപര്യം എന്നു പറഞ്ഞതെന്താണ്?

MR. MANNATHU PADMANABHA PILLAI : അതുതന്നെ. ഇപ്പോൾ സ്പഷ്ടമായി തോന്നുന്നതു തന്നെ. അതുകൊണ്ടു, ഗവണ്മെന്റ് ആരു ആദായം ഉണ്ടാക്കുന്നുവോ അവരെ ഒഴിച്ചു നിത്തികൊണ്ടുള്ള ഒരു നിയമനിർമ്മാണം ചെയ്യുന്നതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. രാജ്യത്തിലെ ജനങ്ങൾക്കും ഗവണ്മെന്റിനും ഒരു പോലെ നഷ്ടമാണ്. ഒന്നുകിൽ ഈ ബിൽ, സമൂലം വേണ്ടെന്നു വയ്ക്കണം; ആദായനികുതി ഒന്നും വേണ്ട. എന്നാൽ കച്ചവടക്കാരിൽ നിന്നും പിരിക്കണം; കൃഷിക്കാരിൽ നിന്നും പിരിക്കരുത് എന്നു വയ്ക്കുന്നത് ശരിയല്ല. മറ്റൊന്നുകൂടിയുണ്ട്. മുമ്പ് അമിതമായി ആദായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

നികുതി കൊടുത്തിട്ടുള്ളവരുടെ പണം തിരിയെ കൊടുക്കുക; എന്നുള്ളതാണ്, അപ്പോൾ കുഴപ്പം ഇതിലേറെ വർദ്ധിക്കുന്നതാണ്. മുമ്പു ഈടാക്കിയതൊക്കെ അധികമാണെന്നു എല്ലാവരും പറയും. ഒന്നാമതു ഇവിടെ പണമില്ല. അങ്ങനെ പണമില്ലാതെ വലയുന്ന ഗവണ്മെൻറ്, പിരിച്ചു വച്ചിട്ടുള്ള പണംകൂടി തിരിയെ കൊടുക്കാനും പാടം. അതുകൊണ്ടു ഗവണ്മെൻറ് ശരിക്കു നിലനിൽക്കണമെങ്കിൽ—രാജ്യം നന്നാകണമെങ്കിൽ—സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് അപ്പാടെ തള്ളണം. രാജ്യം ശരിക്കു നടക്കണമെങ്കിൽ അതിനു വേണ്ട പണം രാജ്യത്തിൽ നിന്നു തന്നെ ഉണ്ടാകണം. ആദായം ഉണ്ടാക്കുന്നതു് ആരോ അവരിൽ നിന്നു വേണം പാവപ്പെട്ടവർക്കു രക്ഷയുണ്ടാകാൻ. അല്ലാതെ, പാവപ്പെട്ടവർക്കു വേണ്ടി നിലകൊള്ളുന്ന കാൺഗ്രസ് അധികാരത്തിൽ വരുമ്പോൾ ന്യായമായി കൊടുക്കേണ്ടതിൽ നിന്നും സന്ദർഭം വരുമ്പോൾ ഒഴിഞ്ഞു മാറുന്നതു ശരിയല്ല. ഒന്നുകിൽ ബിൽ വേണ്ടെന്നു വയ്ക്കണം. അല്ലെങ്കിൽ ബില്ലു പാസ്സായാലും പണം വാങ്ങുന്നില്ല എന്നു വയ്ക്കണം ഇതു രണ്ടുമല്ലെങ്കിൽ ബിൽ ഏതു പ്രധാനകാര്യത്തെ ഉദ്ദേശിച്ചുകൊണ്ടുവന്നുവോ അതു മാറാതിരിക്കണം. അതിനാൽ മി. കെ. പി. നിലകണ്ഠപ്പിള്ളയുടെ പ്രമേയമനുസരിച്ചു് ഈ ബില്ലിന്റെ ചർച്ച നിത്തണം.

MR. JOSEPH MALIECKAL : സർ, ഞാൻ ഈ പ്രമേയത്തെ എതുക്കുന്നു. ആദായനികുതിയെക്കുറിച്ചു് എന്നു മുതൽ ഈ സഭയിൽ പര്യാലോചനകൾ തുടങ്ങിയോ അന്നു മുതൽക്കേ കാർഷികാദായ നികുതി സംബന്ധിച്ചു ചിലർക്കു ചില പ്രത്യേക വാശിയോ വെറുപ്പോ, പ്രത്യേകതാൽപര്യമോ ഉള്ളതായിട്ടാണ് കണ്ടുവരുന്നതു്. ഈ സഭയുടെ ആരംഭകാലത്തു മി. നടരാജപിള്ള ഒരു പ്രമേയം ഇവിടെ ഹാജരാക്കി. അതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾക്കിടയിൽ ഈ രാജ്യത്തെ കർഷകർ അനുഭവിക്കുന്ന സങ്കടങ്ങളെപ്പറ്റി ഈ സഭയിലെ കൃഷിക്കാരായ മെമ്പറന്മാരും കർഷകരുടെ സങ്കടങ്ങൾ നേരിട്ടറിയാവുന്നവരും, പത്രങ്ങൾ മുഖാന്തിരവും നേരിട്ടും ഗവണ്മെൻറിനേറയും ഈ സഭയുടെയും ശ്രദ്ധക്ഷണവിഷയമാക്കിയിട്ടുണ്ടു്. അതിനെ തുടർന്നു ഒരു ബിൽ അവതരിപ്പിച്ചു. ആ ബിൽ ഇവിടെ വാദപ്രതിവാദത്തിനു വന്നപ്പോൾ വളരെ ഗൗരവമായി വാദപ്രതിവാദങ്ങൾ നടന്നിട്ടുള്ളതാണ്. അതിനിടക്ക് ഈ സഭ, ഇന്നു ഭരണത്തിലിരിക്കുന്ന കക്ഷിയുടെ പ്രത്യേക പരിചിന്തനത്തിനായി വന്ന ഒരവസരമുണ്ടു്. അപ്പോഴും ഇതിന്റെ വാദപ്രതിവാദം നടന്നു. അന്നു മുമതലയുള്ളവരും ഇപ്പോഴുമുള്ള പ്രത്യേക മനഃ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയുള്ള എതിർ താൽപര്യക്കാരും അല്ലാത്തവരും ആയ അംഗങ്ങൾ ഈ സംഗതിയിൽ ജനങ്ങൾക്കു ഒരുപരിഹാരം നൽകണമെന്ന അധികാരികളോട് വ്യക്തമായി പ്രതിവാദിച്ചു. ഈ ബില്ലിനെ സംബന്ധിച്ചു വന്ന ആദ്യത്തെ ചർച്ചാസമയത്തു ഈ ബില്ലിൽ ഒരു ഭേദഗതി ഉൾപ്പെടുത്തി അതു് ഒരു സെലക്ട് കമ്മിറ്റിക്കു അയക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു. ഈ ബില്ലിന്റെ തത്വം ഇന്നുവരെ നടത്തിയിട്ടുള്ള ആദായനികുതി നിർണ്ണയം അത്ര ശരിയല്ലെന്നും ഗവണ്മെൻറു സമ്മതിക്കുന്നുവെന്നും അങ്ങനെ നികുതി ചുമത്തപ്പെട്ടവർക്കു ഒരു പരിഹാരം നൽകണമെന്നും അതുകൊണ്ടു ഇതുവരെ നികുതി ചുമത്തിയതു സംബന്ധിച്ചു ഒരു പുനരാലോചന നടത്തണമെന്നുമാണു്.

ആദായനികുതി ശരിയായി ചുമത്തിയിട്ടില്ലെങ്കിൽ അതു രണ്ടുവിധത്തിലാകാം. ഒന്നു നികുതി കൊടുക്കേണ്ടവരെ അതിൽ നിന്നും ഒഴിവാക്കുക. രണ്ടാമതു്, നികുതി കൊടുക്കേണ്ടാത്തവർക്കു് നികുതി ചുമത്തുക. ഇങ്ങനെ രണ്ടുവിധത്തിലുള്ള അനാശാസ്യനടപടിയുണ്ടാകാം. ന്യായമായിട്ടുള്ളതിൽ വളരെ കൂടുതൽ നികുതി ആദായനികുതി ഉദ്യോഗസ്ഥന്മാർ ചുമത്തിയിട്ടുള്ളതായി പരാതികൾ ഉണ്ടായിട്ടുണ്ടു്. അങ്ങിനെയുള്ള അനീതിയെ പരിഹരിക്കാനായിട്ടാണു് ഇന്നു ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. എന്നാൽ ബില്ലിന്റെ ആരംഭകാലത്തു "To inevstigate in accordance with the provisions of this Act any case referred to it under section 5 and report thereo nto Our Government". എന്നു കൂടി അതിൽ വ്യവസ്ഥയുണ്ടായിരുന്നതനുസരിച്ചു് ഞാൻ ഒരു ഹർജി അയച്ചു. ആ ഹർജികമ്മിറ്റി ഈ ഭാഗം ആലോചിക്കേണ്ടതാണെന്നു പറഞ്ഞു അതു് സക്കുലേറ്റു് ചെയ്തു. അപ്പോഴാണു് ഈ ബിൽ സെലക്ട് കമ്മറ്റിയുടെ അലോചനയ്ക്കു വന്നതു്. അപ്പോൾ, നികുതി ചുമത്തലിൽനിന്നു വിട്ടുപോയിട്ടുള്ളവരുടെ മേൽ ചുമത്തുവാനും കൂടുതൽ ഈടാക്കിയിട്ടുള്ളവർക്കു അതു തിരിയെ കൊടുക്കുവാനും ഞാൻ ഹർജി കമ്മിറ്റിയോടു ആവശ്യപ്പെട്ടു. എന്നാൽ ഇതിനെ സംബന്ധിച്ചുള്ള ഗവണ്മെൻറു മറുപടി, സെലക്ട് കമ്മിറ്റിക്കു ഈ ഹർജി പോകുമെന്നും അതിനാൽ ഗവണ്മെൻറിനു ഇപ്പോൾ അതിനു തീരുമാനം ചെയ്യാൻ സാധിക്കുകയില്ലെന്നുമാണു്. ഇനി ഈ ബിൽ അംഗീകരിച്ചതെന്തിനെന്നുള്ളതിനെപ്പറ്റി പല പ്രസംഗങ്ങളും കേട്ടു. സെലക്ട് കമ്മിറ്റി, ന്യായമായ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ടു്. അതു തള്ളിക്കളയണമെന്നാണു് വാദം. അങ്ങനെയായൽ ഒരു പ്രയോജനം ഉണ്ടാകുമായിരുന്നു. പ്രവൃത്തികാരന്മാർ, ആദായനികുതി ഉദ്യോഗസ്ഥന്മാർ മുതലായവർക്കു് കൈക്കൂലി വാങ്ങിക്കൊണ്ടേ ഇരിക്കാം. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal]

ഭേദഗതിയോടുകൂടി ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ അതൊക്കെ യില്ല. ബില്ലുകൂടി അതായതു സിവിൾകോർട്ട് അമൻറുമെൻറ് ബിൽ ക്കുടി സെലക്ററ് കമ്മിററിയുടെ പര്യാലോചനക്കു് വന്നു. അതിൽ സെലക്ററ് കമ്മിററി നിർദ്ദേശിച്ച ഭേദഗതി, സ്മാൾകാസ് കോടതി യുടെ അധികാരം പണം സംബന്ധിച്ചു ൫൦൦ രൂപാവരെയുള്ള കേസു കൾ കേൾക്കാമെന്നാണു്. ഈ ഭേദഗതിയിൽ ആർക്കും ആക്ഷേപ മില്ല. അന്യായമായി കൂടുതൽ ചുമത്തിയതു് തിരിയെകൊടുക്കണ മെന്നുള്ളതിലാണു് അഭിപ്രായവ്യത്യാസം. മി. ജ്ഞാനശിഖാമണി യുടെ അഭിപ്രായത്തിൽ, ഇനിയും ഇതു് ഭേദഗതിചെയ്യണമെന്നാണു്. അതിൽ മൗലികമായ് യാതൊരു തിരുമാനവുമുണ്ടായിട്ടില്ല.

ADJOURNMENT MOTON RE: INCREASE OF TRANSPORT FARES

MR. PRESIDENT: It is 4-o'clock and we will now proceed to the adjournment motion tabled for discussion.

MR. PONNARA G. SREEDHAR (*Nedumangad II—General*): സർ, സ്റ്റേ റ്റു ട്രാൻസ്പോർട്ടിൽ യാത്രചെയ്യുന്നതിനു നിർഭാഗ്യമുള്ള ആളുകൾ കൊ ടുക്കേണ്ടിവന്നിരിക്കുന്ന ചാർജ്ജു കൂട്ടിയതിനെപ്പററി ഈ നാട്ടിലുള്ള സാമാ ന്യജനങ്ങളുടെ അഭിപ്രായം എന്താണെന്നുള്ളതു ബഹുമാനപ്പെട്ട ഗവ ണ്മെൻറിനെ അറിയിക്കുന്നതിനു് ഒരവസരം എനിക്കു തന്നതിൽ ഞാൻ ഗവണ്മെൻറിനോടും പ്രത്യേകിച്ചു ട്രാൻസ്പോർട്ടു വകുപ്പിൻെറ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയോടും കൃതജ്ഞനായിരിക്കുന്നു എന്നുള്ള വസ്തുത ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ.

സർ, ട്രാൻസ്പോർട്ടു ബസ്സുകളിൽ ചാർജ്ജു കൂട്ടിയതിൻെറ കാരണം എന്തെല്ലാമാണെന്നുള്ളതു വിശദീകരിക്കുന്നതിനുള്ള ഒരവസരം അദ്ദേഹ ത്തിനു് നാം അനുവദിച്ചില്ല. ട്രാൻസ്പോർട്ടു മന്ത്രി ഇതു സംബന്ധിച്ചു സംസാരിക്കുവാനായി എഴുനേററ അവസരത്തിൽ ചാർജ്ജു കൂട്ടിയതിൻെറ യഥാർത്ഥ ആവശ്യം എന്താണെന്നു വിശദീകരിക്കുവാൻ അദ്ദേഹത്തിനു ഒരവസരം കൊടുത്തിരുന്നുവെങ്കിൽ ഈ പ്രമേയം ഹാജരാക്കുന്ന അവസ രത്തിൽ അതിനുള്ള കാരണങ്ങളായി അദ്ദേഹം പ്രസ്താവിക്കുന്ന വസ്തുത കളെപ്പററി എൻെറ അഭിപ്രായം എന്താണെന്നു് എനിക്കു പറയുവാൻ സാധിക്കുമായിരുന്നു. ഏതായാലും അതുണ്ടായില്ല. ട്രാൻസ്പോർട്ടിൻെറ ചാർജ്ജു കൂട്ടാൻ പോകുന്നുവെന്നു നാം ആദ്യമായി അറിയുന്നതു് തിരുവി താംകൂർ ഗവണ്മെൻറു ഫെബ്രുവരി ൯-൦൩- പ്രസിദ്ധപ്പെടുത്തിയ പ്രസ്സു നോട്ടിൽ നിന്നാണു്. ആ പ്രസ്നോട്ടിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ കൂടുതൽ ഗൗരവതരങ്ങളായ കാരണങ്ങൾ ട്രാൻസ്പോർട്ടു മന്ത്രിക്കു പറയാ

LIBRARY ARCHIVES Kerala Legislative Assembly